(സി) സൗരോർജ്ജ നയത്തിൽ അതിന്റെ നടത്തിപ്പിനായി ഒരു സംസ്ഥാനതല എംപവേഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള നിയമനിർമ്മാണം ആവശ്യമായി വരുന്ന കാര്യങ്ങളിൽ അവ നടപ്പിലാക്കുന്നതു സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. സൗരോർജ്ജ പ്ലാന്റുകൾ ഗ്രിഡുമായി ബന്ധിപ്പിച്ച് വൈദ്യുതി അതിലേക്ക് നൽകുകയും ആവശ്യമുള്ളപ്പോൾ തിരിച്ചെടുക്കുകയും ചെയ്യുന്നതിനുള്ള റെഗുലേഷൻ തയ്യാറായിട്ടുണ്ട്. അതനുസരിച്ചുള്ള പദ്ധതികളും നടന്നുവരുന്നു.

സൗരോർജ്ജ നയത്തിലെ ലക്ഷ്യങ്ങൾ സാധൂകരിക്കുന്നതിനുവേണ്ടി കെ.എസ്. ഇ.ബി.നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

പാത്രക്കണം കോളനി വൈദ്യുതീകരണം

90 (457) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒല്ലൂർ മണ്ഡലത്തിലെ എ.ഡി.എസ്.-ൽ ഉൾപ്പെട്ട പാത്രക്കണം കോളനി വൈദ്യുതീകരണം സംബന്ധിച്ച ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഒല്ലൂർ മണ്ഡലത്തിലെ പാത്രക്കണം കോളനി എൽ.എ.സി.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കുന്നതിനുള്ള 63.55 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പദ്ധതിക്ക് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കത്ത് 26-11-2015-ൽ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആയതിന്മേൽ സർക്കാർ തുടർ നടപടി സ്വീകരിച്ചുവരികയാണ്.

സൗരോർജ്ജ വൈദ്യുത പദ്ധതി

91 (458) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജ വൈദ്യുത പദ്ധതി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളിൽ പൂർണ്ണമായും സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഗാർഹിക ഉപഭോക്താക്കൾക്ക് കൂടുതൽ സബ്സിഡി നൽകി സൗരോർജ്ജ വൈദ്യുതീകരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly